# മാതൃകാചോദ്യപേപ്പർ

SET 1

# USS EXAMINATION - FEBRUARY 2016

## Paper I - Part A - മലയാളം (AT)

1. തകഴി ശിവശങ്കരപ്പിള്ളയുടേതല്ലാത്ത കൃതി ഏത്?

A കയർ　　B ചെമ്മീൻ

C ഏണിപ്പടികൾ　　D ഉമ്മാച്ചു

2. ശരിയായ അർത്ഥവ്യത്യാസം കണ്ടെത്തുക

അർത്ഥം - അർദ്ധം

A ധനം - പകുതി　　B പകുതി - ധനം

C സമ്പത്ത് - പണം　　D പണം - ധനം

3. എഴുത്തച്ഛനെഴുതുമ്പോൾ

സംഭവിപ്പതെന്തെന്നു ഞാനറിയുന്നു

പറക്കുന്നു കുതിരക

ളെഴുത്താണിത്തുമ്പിലൂടെ

എഴുത്തച്ഛനെക്കുറിച്ച് ഈ കവിത എഴുതിയ മലയാള കവി?

A വൈലോപ്പിള്ളി　　B സച്ചിദാനന്ദൻ

C കടമ്മനിട്ട　　D ഒ.എൻ.വി. കുറുപ്പ്

4. കൻമതിൽ പിരിച്ചെഴുതിയാൽ താഴെ കൊടുത്തിരിക്കുന്നവയിൽ ഏതായിരിക്കും ശരിയായത്?

A കൻ + മതിൽ　　B കല് + മതിൽ

C കൽ + മതിൽ　　D കല്ല് + മതിൽ

5. ശരിയായ വാക്യമേത്?

A ഞാനേറ്റവും കൂടുതൽ ആരാധിക്കുന്ന വ്യക്തിയാണ് ഗാന്ധിജി

B ഞാനേറ്റം ആരാധിക്കുന്ന വ്യക്തിയാണ് ഗാന്ധിജി

C ഞാനേറ്റവും ആരാധിക്കുന്ന വ്യക്തിയാണ് ഗാന്ധിജി

D ഞാനേറ്റവുമധികം ആരാധിക്കുന്ന വ്യക്തിയാണ് ഗാന്ധിജി

6. "എന്തുകൊണ്ടോ ശൗരി കണ്ണീരണിഞ്ഞു ധീരനായ ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളൂ"
ആരുടെ കവിതയാണിത്?

A ആശാൻ
B ചെറുശ്ശേരി
C ഉള്ളൂർ
D രാമപുരത്തുവാര്യർ

7. ജയ ജയ കോമള കേരള ധരണി

ജയ ജയ മാമക പൂജിത ജനനി

പ്രശസ്ത കവി ബോധേശ്വരന്റെ കവിതയാണിത്. മലയാളത്തിലെ പ്രശസ്തയായ ഒരു കവയിത്രി യുടെ പിതാവാണ് ഇദ്ദേഹം. ആരുടെ?

A ബാലാമണിയമ്മ
B സുഗതകുമാരി
C വിജയലക്ഷ്മി
D മാധവിക്കുട്ടി

8. താഴെപറയുന്നവയിൽ ആത്മകഥാ വിഭാഗത്തിൽ ഉൾപ്പെടുന്ന കൃതി ഏത്?

A വാനപ്രസ്ഥം
B ജീവിതപ്പാത
C പൊതിച്ചോറ്
D നഷ്ടപ്പെട്ട നീലാംബരി

9. താഴെ പറയുന്ന കഥാപാത്രങ്ങൾ ഏതു സാഹിത്യകൃതിയിലേതാണ്?

സുഹറ, മജീദ്

A കയർ
B ബാല്യകാലസഖി
C നാലുകെട്ട്
D ചെമ്മീൻ

10. ജ്ഞാനപീഠ പുരസ്കാരം ആദ്യം ലഭിച്ചതാർക്ക്?

A രവീന്ദ്രനാഥ ടാഗോർ
B താരാശങ്കർ ബാനർജി
C ജി. ശങ്കരക്കുറുപ്പ്
D എസ്.കെ. പൊറ്റക്കാട്

11. ശരിയായ വാക്ക് കണ്ടെത്തുക

A കടിനം
B കഠിനം
C കഡിനം
D കഢിനം

12. **താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് തുടർന്നു വരുന്ന ചോദ്യങ്ങളുടെ ഉത്തരം (12 മുതൽ 15 വരെ ചോദ്യങ്ങൾ) കണ്ടെത്തുക.**

വിത്തമെന്തിനു മർത്യന്നു
വിദ്യ കൈവശമാവുകിൽ
വെണ്ണയുണ്ടെങ്കിൽ നറുനെയ്
വേറിട്ടു കരുതേണമോ
വിദ്യവിട്ടു നരന്നാവുമോ
വിശ്വംഭരയിൽ വാഴുവാൻ?
ആയുധം കൈയ്യിലില്ലാത്തോ
നടരാടുന്നതെങ്ങനെ?
പുറം കണ്ണു തുറപ്പിപ്പൂ
പുലർ വേളയിലംശുമാൻ
അകക്കണ്ണു തുറപ്പിക്കാ-
നാശാൻ ബാല്യത്തിലെത്തണം
അന്നമേകുന്നവൻ മോദ
മപ്പോൾ മാത്രമണച്ചിടും
ആ ജീവനാന്ദ മാനന്ദ
മരുളും വിദ്യ നൽകുമ്പോൾ
കൊണ്ടു പോകില്ല ചോരന്മാർ
കൊടുക്കും തോറുമേറിടും
വിദ്യതന്നെ പരം പുണ്യം
ബുദ്ധിതന്നെ പരം ധനം
ദയ തന്നെ വരം പുണ്യം
ശമം തന്നെ വരം സുഖം

12. വിദ്യാഭ്യാസമില്ലാത്തവന് ഈ ലോകത്ത് കഴിയാൻ പ്രയാസമാണെന്ന കാര്യം സാമാന്യ തത്ത്വം കൊണ്ട് വിശദമാക്കുന്ന വരി ഏത്?

A വെണ്ണയുണ്ടെങ്കിൽ നറുനെയ് വേറിട്ടു കരുതേണമോ?

B കൊണ്ടുപോകില്ല ചോരന്മാർ കൊടുക്കുന്തോറുമേറിടും

C ആയുധം കൈയ്യിലില്ലാത്തോ നടരാടുന്നതെങ്ങനെ?

D വിദ്യ തന്നെ മഹാധനം വിദ്യ തന്നെ പരം നേത്രം

13. താഴെ കൊടുക്കുന്നവയിൽ കവിതയുടെ പ്രമേയവുമായി നേരിട്ടു ബന്ധമില്ലാത്ത പഴഞ്ചൊല്ല് ഏത്?

A വിദ്യാധനം സർവ്വധനാൽ പ്രധാനം

B വിദ്യയുള്ളവന് വിത്തം വേണോ?

C ചെറുപ്രായത്തിൽ പഠിച്ചത് മറുനാളിലും തുണ

D പഠിച്ച ഭോഷൻ പടുഭോഷൻ

14. ജ്ഞാനിക്ക് തലയിൽ കണ്ണുണ്ട് എന്ന ചൊല്ല് അർത്ഥവത്താക്കുന്ന വരികൾ ഏത്?

A അകക്കണ്ണ് തുറപ്പിക്കാനാശാൻ ബാല്യത്തിലെത്തണം

B വിദ്യ തന്നെ പരം നേത്രം ബുദ്ധിതന്നെ പരം ധനം

C പുറം കണ്ണു തുറപ്പിപ്പൂ പുലർവേളയിലംശുമാൻ

D ആജീവനാന്ദ മാനന്ദമരുളും വിദ്യ നൽകുവാൻ

15. 'കൊണ്ടു പോകില്ല ചോരന്മാർ

കൊടുക്കുന്തോറുമേറിടും"

ചോരന്മാർ കൊണ്ടുപോകില്ല എന്ന് എന്തിനെക്കുറിച്ചാണ് സൂചിപ്പിച്ചിരിക്കുന്നത്.

A ധനം    B വിദ്യ

C സ്വത്ത്    D മേന്മ

# ഉത്തരസൂചിക

1. D
2. A
3. B
4. C
5. C
6. B
7. B
8. B
9. B
10. C
11. B
12. C
13. D
14. B
15. B